File No.FWLD-A2/64/2019-FWLD

16316
26/9/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

നെന്മാറ ഡിവിഷൻ, ആലത്തൂർ ഫോറസ്റ്റ് റെയിഞ്ച് പുഴക്കലിടം സെക്ഷനിൽ നിന്നും മരങ്ങൾ മുറിച്ചു കടത്താൻ ശ്രമിച്ചതിന് രജിസ്റ്റർ ചെയ്ത ഒ.ആർ.19/97 നമ്പർ കേസ് യഥാസമയം ചാർജ്ജ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി - ശ്രീ.ഇ.വി.ഷൗക്കത്തലി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.)-നെ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.332/2019/വനം** തീയതി,തിരുവനന്തപുരം, 14/08/2019

---

പരാമർശം:- 1 07.11.2012-ലെ ഡെവലപ് മെന്റ് & പ്രോജക്റ്റ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-14844/04 നമ്പർ ഉത്തരവ്

2 സ.ഉ.(സാധാ.) 175/2017/വനം തീയതി 05.05.2017

3 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 10.04.2018-ലെ ബി7-14844/2008 നമ്പർ കത്ത്

4 ശ്രീ.ഇ.വി.ഷൗക്കത്തലി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.) 21.01.2019-ന് സർക്കാരിൽ സമർപ്പിച്ച നിവേദനം

<u>ഉത്തരവ്</u>

നെന്മാറ ഡിവിഷൻ, ആലത്തൂർ ഫോറസ്റ്റ് റെയിഞ്ച് പുഴക്കലിടം സെക്ഷനിൽ നിന്നും മരങ്ങൾ മുറിച്ചു കടത്താൻ ശ്രമിച്ചതിന് രജിസ്റ്റർ ചെയ്ത ഒ.ആർ.19/97 നമ്പർ കേസ് യഥാസമയം കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും തൊണ്ടി വിറ്റഴിക്കുന്നതിനും നടപടി സ്വീകരിക്കാതിരുന്നതു മൂലം 95,725/- രൂപയുടെ സർക്കാർ നഷ്ടം വരുത്തിയതിന് ആലത്തൂർ റെയിഞ്ചിൽ ക്ലാർക്കായിരുന്ന ശ്രീ.ഇ.വി.ഷൗക്കത്തലി ഉൾപ്പെടെ 9 ഉദ്യോഗസ്ഥർക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. കുറ്റപത്രത്തിലെ ചാർജ്ജുകൾ ഇവയാണ്.

i)ആലത്തൂർ റെയിഞ്ചിലെ ഒ.ആർ.19/97 എന്ന കേസിന്റെ അന്വേഷണം 1999 ൽ പൂർത്തിയായെങ്കിലും അത് ബഹു.കോടതിയിൽ യഥാസമയം ചാർജ്ജ് ചെയ്ത് തുടർ നടപടി സ്വീകരിച്ചില്ല

ii)ഈ കേസിൽ സർക്കാരിന് 53,225/- രൂപയുടെ നഷ്ടം സംഭവിച്ചു. 42,500/- രൂപ വില നിശ്ചയിച്ചിട്ടുള്ള തൊണ്ടി തടികൾ ഇതുവരെ ലേലം ചെയ്ത് സർക്കാർ മുതൽ കൂട്ടിയില്ല. ടി സർക്കാർ നഷ്ടവും തൊണ്ടി തടിയുടെ വിലയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

iii)വളരെ ഗുരുതരമായ ഈ കുറ്റകൃത്യം വളരെ ലാഘവത്തോടും അലക്ഷ്യമായും നിരുത്തരവാദപരവുമായിട്ടാണ് റെയിഞ്ച് ഫോറസ്റ്റാഫീസർമാരും ക്ലാർക്കുമാരും കൈകാര്യം ചെയ്തത്.

2)പ്രസ്തുത അച്ചടക്ക നടപടി ഡെവലപ് മെന്റ് & പ്രോജക്ട് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവുപ്രകാരം തീർപ്പാക്കി. ടി ഉത്തരവിനെതിരെ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ഉൾപ്പെട്ട ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, ശ്രീ.അരുൺകുമാർ എന്നിവർ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജികൾ പരിശോധിച്ചതിൽ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക 2 0 0 4 ൽ നൽകിയതിനുശേഷം ഔപചാരികാന്വേഷണം നടത്താതെ അച്ചടക്ക നടപടി പൂർത്തിയാക്കിയതിൽ, നടപടി ക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് വിലയിരുത്തി പരാമർശം(1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ടും, മേൽ വിഷയത്തിലെ അച്ചടക്ക നടപടി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) തലത്തിൽ പുനരാരംഭിക്കുവാനും നിലവിലുള്ള ചട്ടങ്ങളിലെ കൃത്യമായ നടപടി ക്രമങ്ങളിലൂടെ, സ്വാഭാവിക നീതി ഉറപ്പ് വരുത്തി അച്ചടക്ക നടപടി തീർപ്പാക്കുവാനും, പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുവാൻ പരാമർ ശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ സമർപ്പിച്ചു. ഒ.ആർ.19/97 നമ്പർ കേസ് ഫയൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ചാർജ്ജ് ഇല്ലായിരുന്നു എന്നത് വിലയിരുത്തി ശ്രീ.ഇ.വി.ഷൗക്കത്തലി (അന്നത്തെ അപ്പർഡിവിഷൻ ക് ളാർക്ക്)-യെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിയിരുന്നു എന്നാൽ ടിയാന്റെ പേര് കൂടി

ഉൾപ്പെടുത്തിയാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ സമർപ്പിച്ചത്.

3)31.05.2019-ന് സർവ്വീസിൽ നിന്നും വിരമിച്ച തന്റെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ തടഞ്ഞു വെച്ചിരിക്കുകയാണ് എന്നും ഒ.ആർ-19/97 നമ്പർ കേസ് ഫയൽ കൈകാര്യം ചെയ്തിട്ടില്ലാത്ത തന്റെ പേരിൽ വീണ്ടും അച്ചടക്ക നടപടികൾ ആരംഭിക്കുന്നത് ഒഴിവാക്കി പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം ( 4 ) പ്രകാരം ശ്രീ.ഇ.വി.ഷൗക്കത്തലി നിവേദനം സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച റിപ്പോർട്ടിൽ ആലത്തൂർ റെയിഞ്ച് ഫയലിലെ പേജ് 39, 61, 67 എന്നിവ ശ്രീ.ഇ.വി.ഷൗക്കത്തലിയുടെ കൈപ്പടയിൽ തയ്യാറാക്കിയതായി കണ്ടെത്തിയതിനാലാണ് റിപ്പോർട്ടിൽ ഫയൽ കൈകാര്യം ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടുള്ളത് എന്നും എന്നാൽ ഏത് സാഹചര്യത്തിലാണ് ഫയൽ കൈകാര്യം ചെയ്തത് എന്ന് ഇപ്പോൾ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് വനംവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിവേദനം വിശദമായി പരിശോധിച്ചു.

4)രണ്ട് ക്ലറിക്കൽ സ്റ്റാഫ് മാത്രമുള്ള റെയിഞ്ച് ഓഫീസിൽ മൂന്ന് ദിവസങ്ങളിലായി എഴുതിയിട്ടുള്ള ടി കുറിപ്പുകൾ മേലധികാരിയുടെ നിർദ്ദേശപ്രകാരമായിരിക്കാം ചെയ്തിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ് എന്നും 31.05.2019-ന് റിട്ടയർ ചെയ്ത ശ്രീ.ഇ.വി.ഷൗക്കത്തലി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ ഈ കേസ്സിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യക്ഷത്തിൽ യാതൊരു തെളിവും ഇല്ല എന്നും വകുപ്പ് പ്രതിനിധികൾ ബോധിപ്പിക്കുകയുണ്ടായി.

5)ശ്രീ.ഇ.വി.ഷൗക്കത്തലി ആലത്തൂർ റെയിഞ്ചിൽ യു.ഡി.സി. ആയി 21.04.1999-ൽ ചാർജെടുത്ത മാസം തന്നെ 1/99-നമ്പർ ഓഫീസ് ഓർഡർ പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ക്ലാർക്കുമാരുടെ സീറ്റിൽ വരേണ്ട വിഷയങ്ങൾ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അതിൻ പ്രകാരം Offence charges/Thondy articles ഫയലുകൾ ടിയാന്റെ സെക്ഷനിൽ വരുന്നതല്ല. അച്ചടക്ക നടപടിയ്ക്കാധാരമായ വിഷയം സംബന്ധിച്ച ഫയലിൽ 03.01.2000, 22.01.2000, 17.12.2000, തീയതികളിൽ മാത്രമാണ് ടിയാന്റെ കൈപ്പടയിൽ എഴുതിയതായി കാണുന്നത്. ടിയാന്റെ സെക്ഷനിലെ ഫയലാണെങ്കിൽ ഭൂരിഭാഗംപേജുകളിലും ടിയാന്റെ കൈപ്പടതന്നെ വരേണ്ടതായിരുന്നു.

രണ്ട് ക്ലറിക്കൽ സ്റ്റാഫ് മാത്രമുള്ള റെയിഞ്ച് ഓഫീസിൽ മൂന്ന് ദിവസങ്ങളിലായി എഴുതിയിട്ടുള്ള ടി കത്തുകൾ മേലധികാരിയുടെ നിർദ്ദേശപ്രകാരമാണ് ചെയ്തിട്ടുള്ളത് എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ ശ്രീ.ഇ.വി.ഷൗക്കത്തലി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.)-നെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജന്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഇ.വി.ഷൗക്കത്തലി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by [illegible] K
Date: 2019.08.[illegible]:54:40 IST
Reason: Approved
സെക്ഷൻ ഓഫീസർ